(സി) നിയന്ത്രണാതീത സാഹചര്യങ്ങളിൽ ഹൗസ് സർജൻസി പൂർത്തീകരിക്കാൻ കഴിയാത്തവർക്ക് അതു പൂർത്തിയാക്കാൻ ആവശ്യമായ സമയം അനുവദിക്കാനുള്ള നിയമവ്യവസ്ഥയില്ലെങ്കിൽ അതിനുള്ള വ്യവസ്ഥ നിയമത്തിൽ ഉൾപ്പെടുത്തുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ പരിഹരിക്കാൻ നടപടി

36 (1758) ശ്രീ. എ. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ തൃശൂർ മെഡിക്കൽ കോളേജിന് മാത്രം സ്വന്തമായി കെട്ടിടം ഇല്ലെന്ന കാര്യവും തന്മൂലം മെഡിക്കൽ കോളേജിലെ ഓഫീസ് റൂം, ലക്ചർ ഹാൾ, നോൺ ക്ലിനിക് ഡിപ്പാർട്ട്മെന്റുകൾ എന്നിവ പലയിടങ്ങളിലായി ചിതറിക്കിടക്കുന്ന കാര്യവും, ഇവ പ്രവർത്തിക്കുന്ന പല കെട്ടിടങ്ങളുടെയും സ്ഥിതി പരിതാപകരമാണെന്ന വസ്തുതയും മൈക്രോബയോളജി ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ മേൽക്കൂരയുടെ ഒരു ഭാഗം അടർന്നുവീണ സംഭവവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) തൃശൂർ മെഡിക്കൽ കോളേജിന് അനുവദിച്ച അക്കാദമി കോംപ്ലക്സിന്റെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ അക്കാദമി കോംപ്ലക്സിന്റെ നിർമ്മാണം ഉടനെ പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ അക്കാദമിക് ബ്ലോക്കിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിക്കേണ്ടത് അനിവാര്യമാണ്. ഇതിനായി 3374 ലക്ഷം രൂപയുടെ എസ്റ്റിമേറ്റുള്ള പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ഉടുമ്പൻചോല മണ്ഡലത്തിലെ ആശുപത്രികൾക്ക് അനുവദിച്ച എൻ.ആർ.എച്ച്.എം. ഫണ്ട്

37 (1759) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിന് ഏതെല്ലാം ആശുപത്രികൾക്ക് എൻ.ആർ. എച്ച്. എം. ഫണ്ട് അനുവദിച്ചിട്ടുണ്ട് ; എത്ര തുക വീതം അനുവദിച്ചു ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിൽ ആണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly